നെയ്യാറ്റിൻകര ഡിപ്പോയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

87 (4247) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട തിരുവനന്തപുരം, നെയ്യാറ്റിൻകര, പാറശ്ശാല പ്രദേശങ്ങളിലെ വിവിധ ഡിപ്പോകളിൽ ഈ സർക്കാർ വന്നതിനുശേഷം സ്റ്റേ ബസ്സുകൾ ഉൾപ്പെടെ എത്ര ഷെഡ്യൂളുകൾ നിലനിർത്തിയിട്ടുണ്ടെന്ന് ഡിപ്പോതിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ബി) നെയ്യാറ്റിൻകര താലൂക്കിന്റെ ആസ്ഥാനമായ നെയ്യാറ്റിൻകര ഡിപ്പോയിൽ വിവിധ ഷെഡ്യൂളുകൾ നിർത്തലാക്കിയതുമൂലം ഏതെല്ലാം സംഘടനകൾ സമര രംഗത്തുണ്ട് ; ഈ പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം കളിയിക്കാവിള റൂട്ടിൽ രാത്രി 8.30 മണിക്കുശേഷം കളിയിക്കാവിളയിൽ നിന്നും ഓർഡിനറി ബസ്സുകൾ ഓടിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ മിനി ബസ്സുകൾ ഉൾപ്പെടെ ഓർഡിനറി ബസ്സുകൾ സർവ്വീസ് നടത്താൻ അടിയന്തിര നിർദ്ദേശം നൽകുമോ ;

(ഡി) നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും സർവ്വീസ് പുറപ്പെടുന്നതും എത്തിച്ചേരുന്നതുമായ ബസ്സുകളുടെ പൂർണ്ണ സമയ വിവര പട്ടിക പ്രദർശിപ്പിക്കാൻ നെയ്യാറ്റിൻകര ഡി.റ്റി.ഒ. യ്ക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ;

(ഇ) നെയ്യാറ്റിൻകര ഡിപ്പോയിലെ കച്ചവട സ്ഥാപനങ്ങൾ ആർക്കെല്ലാമാണ് അനുവദിച്ചത് ; ഇവ എന്തു മാനദണ്ഡപ്രകാരമാണ് നൽകിയത് ; ഇതുവഴി എത്ര രൂപയുടെ വരുമാനം ഓരോ കടകളിൽ നിന്നും കെ.എസ്.ആർ.ടി.സി. ക്ക് ലഭിക്കുന്നു എന്നും വ്യക്തമാക്കുമോ ;

(എഫ്) നെയ്യാറ്റിൻകര ഡിപ്പോയിലെ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഡിപ്പോയ്ക്കകത്തുള്ള അപകടകരമായ കുഴികൾ ടാറിട്ട് നികത്തി വൃത്തിയാക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 1122 ഷെഡ്യൂളുകൾ നിലനിർത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:-

ഡിപ്പോകളുടെ പേര്	ഷെഡ്യൂളുകളുടെ എണ്ണം
തിരുവനന്തപുരം സിറ്റി	115
വികാസ്ഭവൻ	73
പാറ്റ്നംകോട്	102
പേരൂർക്കട	72

LIBRARY ARCHIVES Kerala Legislative Assembly

വെള്ളനാട്	42
ആര്യനാട്	16
വെഞ്ഞാറമൂട്	24
റിതുര	21
തിരുവനന്തപുരം സെൻട്രൽ	81
നെയ്യാറ്റിൻകര	80
പാറശ്ശാല	60
കാട്ടാക്കട	62
നെടുമങ്ങാട്	55
വെള്ളറട	25
പാലോട്	23
കിളിമാനൂർ	48
ആറ്റിങ്ങൽ	72
കണിയാപുരം	41
വിഴിഞ്ഞം	52
പൂവാർ	58
ആകെ	1122

(ബി) സമര രംഗത്തുള്ള സംഘടനകളെപ്പറ്റി അറിയില്ല. നെയ്യാറ്റിൻകര താലൂക്കിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നെയ്യാറ്റിൻകര, വെള്ളറട, പൂവാർ, വിഴിഞ്ഞം, കാട്ടാക്കട എന്നീ യൂണിറ്റുകളിൽ നിന്നായി 417 ഷെഡ്യൂളുകളും തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നും നെയ്യാറ്റിൻകര താലൂക്കുവഴി 80-തോളം ട്രിപ്പുകളും നാഗർകോവിൽ കന്യാകുമാരി സ്ഥലങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. ഇതു കൂടാതെ മറ്റു യൂണിറ്റുകളിൽ നിന്നും ഈ പ്രദേശത്തേയ്ക്ക് നിരവധി സർവ്വീസുകൾ നടത്തുന്നുണ്ട്. സർവ്വീസ് സംബന്ധമായുണ്ടാകുന്ന എല്ലാ പരാതികളും അപ്പപ്പോൾ തന്നെ പരിഹരിക്കാറുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധമായി ഇനിയും എന്തെങ്കിലും പരാതികളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അവയും പരിഗണിക്കപ്പെടുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) നിർദ്ദേശം നൽകുന്നതാണ്.

(ഇ) നെയ്യാറ്റിൻകര ഡിപ്പോയിലെ കച്ചവട സ്ഥാപനങ്ങൾ അനുവദിക്കപ്പെട്ട വ്യക്തികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. സ്റ്റാൾ നം. 1

ശ്രീ. എം. സെയ്ത് ഹുസൈൻ, ഷറഫ് നിവാസ്, ടി.ബി. ജംഗ്ഷൻ, നെയ്യാറ്റിൻകര.

2. സ്റ്റാൾ നം. 2

ശ്രീ. വി. രാജശേഖരൻ നായർ, വലിയവിള പുത്തൻവീട്, തത്തിയൂർ, മഞ്ചവിളാകം പി.ഒ., നെയ്യാറ്റിൻകര.

3. സ്റ്റാൾ നം. 3

ശ്രീ. വി. സുരേഷ്കുമാർ, ചമ്പക്കര വീട്, ഫോർട്ട്, നെയ്യാറ്റിൻകര.

4. സ്റ്റാൾ നം. 4

ശ്രീ. കെ. സുന്ദരേശൻ നായർ, പടപ്പറത്തല പുത്തൻവീട്, മഞ്ചവിളാകം പി.ഒ.

5. സ്റ്റാൾ നം. 5

ശ്രീ. ആർ. സുരേഷ്, പൊൻമന വീട്, ആലുംമൂട് ജംഗ്ഷൻ, നെയ്യാറ്റിൻകര.

6. ലഘുഭക്ഷണശാല

ശ്രീമതി ഡി.എസ്. ബീന, പ്രണവം ഹൗസ്, തൊഴുക്കൽ, നെയ്യാറ്റിൻകര

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ നടത്താൻ താല്പര്യമുള്ള വ്യക്തികൾ കോർപ്പറേഷന്റെ പരസ്യങ്ങൾക്ക് അനുബന്ധമായി സമർപ്പിക്കുന്ന മത്സര സ്വഭാവമുള്ള ടെന്ററുകളിൽ നിന്നും ഏറ്റവും കൂടുതൽ തുക കോർപ്പറേഷന് വാഗ്ദാനം ചെയ്യുന്ന വ്യക്തിയെ തെരഞ്ഞെടുത്ത് കച്ചവടസ്ഥാപനങ്ങൾ നടത്തുന്നതിനുള്ള കരാർ നൽകുന്നു.

ഓരോ കടയിൽ നിന്നും ലഭിക്കുന്ന മാസവരുമാനം ചുവടെ ചേർത്തുകൊള്ളുന്നു:-

സ്റ്റാൾ നം. 1 പ്രതിമാസം 6012 രൂപ.

സ്റ്റാൾ നം. 2 പ്രതിമാസം 8000 രൂപ.

സ്റ്റാൾ നം. 3 പ്രതിമാസം 6500 രൂപ.

സ്റ്റാൾ നം. 4 പ്രതിമാസം 13110 രൂപ.

സ്റ്റാൾ നം. 1 പ്രതിമാസം 10000 രൂപ.

ലഘുഭക്ഷണ ശാല പ്രതിമാസം 12200 രൂപ.

കൂൾബാർ കം മിൽക്ക് ബൂത്ത് പ്രതിമാസം 15000 രൂപ.

(എഫ്) നെയ്യാറ്റിൻകര ഡിപ്പോ യാർഡിലെ കുഴികൾ കോൺക്രീറ്റ് ചെയ്ത് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly